⇨ 1300 ഓളം കുടുംബങ്ങളാണ് കൃഷിഭൂമിക്ക് വേണ്ടി പോരാടുന്നത് ⇨

# ‘വൂ...വോ...ഹോ...ബോ’

ഏതൊരു മനുഷ്യനും തകർന്നുപോകുന്ന വിഷമസന്ധിയിലൂടെ കടന്നുപോയിട്ടും സത്യത്തെ വിട്ടുകളിക്കാത്ത ഒരു ചാണ്ടിയുടെ സത്യാന്വേഷണ പരീക്ഷണങ്ങൾ

**എസ്. നാരായണൻ**

**രണ്ട്** ദശാബ്ദങ്ങൾക്ക് മുമ്പ്, കാവാലം നാരായണപ്പണിക്കർ എഴുതിയ നാടകത്തിലെ ‘അപ്രയ്ക്കൻ’ എന്ന കഥാപാത്രത്തിന്റെ ഡയലോഗുകളും നമ്മുടെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി രണ്ട് മാസമായി പറഞ്ഞുകൊണ്ടിരിക്കുന്നതും ഏകദേശം ഒരു പോലെയിരിക്കുന്നു. ഉമ്മൻ ചാണ്ടിയെപ്പോലെ സത്യം ഉയർത്തിപ്പിടിക്കാൻ വേണ്ടി ജീവിതം ഹോമിച്ചുതീർക്കുന്ന ഒരാളാണ് ‘അപ്രയ്ക്കൻ’ എന്ന പേരിൽ തന്നെയുള്ള നാടകത്തിലെ നായക കഥാപാത്രവും.

സോളാർ തട്ടിപ്പിന്റെ പേരിൽ തന്റെ വിശ്വസ്തരായ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളും ഓഫീസ് ജീവനക്കാരും പൂജപ്പുര സെൻട്രൽ ജയിലിലേക്ക് അടിക്കടിയായി പോയിക്കൊണ്ടിരിക്കുമ്പോഴും ‘സത്യം ഒരാൾക്കും മൂടിവയ്ക്കാനാവില്ല’ എന്ന ധീരമായ പ്രഖ്യാപനം തന്നെ ഉമ്മൻചാണ്ടി നടത്തി. മുഖ്യമന്ത്രിയുടെ മകന് അമേരിക്കൻ സോളാർ കമ്പനിയുമായുള്ള ബന്ധവും, സോളാർ തട്ടിപ്പിലെ മുഖ്യപ്രതിയായ സരിതാനായരുമായി മകൻ നടത്തിയ വിദേശ യാത്രയുടെ വിവരങ്ങളുമെല്ലാം നാട്ടിൽ പാട്ടായിക്കഴിഞ്ഞു. മുഖ്യമന്ത്രി രാജിവച്ച് അന്വേഷണം നേരിടണമെന്ന് പ്രതിപക്ഷം ബഹളം തുടങ്ങി. നിയമസഭ സമ്മേളിക്കുന്ന കാര്യം പോകട്ടെ, പ്രതിഷേധക്കാരെക്കൊണ്ടും കരിങ്കൊടി കാണിക്കുന്നവരെക്കൊണ്ടും വഴിയിലൂടെ പോകാൻ പോലും മുഖ്യമന്ത്രിക്ക് സാധിക്കുന്നില്ല. ഏതൊരു മനുഷ്യനും തകർന്നുപോകുന്ന ഇത്തരം വിഷമസന്ധിയിൽപ്പോലും അദ്ദേഹത്തിന് സത്യത്തെ വിട്ടൊരുകളിയില്ല. ‘എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ’ എന്ന് ആത്മകഥയ്ക്ക് പേരിട്ട മഹാത്മാ ഗാന്ധിയുടെ മാർഗ്ഗം സ്വന്തം വഴിയായി തിരഞ്ഞെടുത്ത അദ്ദേഹത്തിന് അങ്ങനെയാവാതെ പറ്റില്ല. ഇത്തരം സന്ദർഭത്തിൽ രാജിവയ്ക്കുന്നത് സത്യത്തോട് ചെയ്യുന്ന തെറ്റായിരിക്കും എന്ന് അദ്ദേഹത്തിന് വെട്ടിത്തുറന്ന് പറയേണ്ടിവന്നു. അദ്ദേഹം തുടരുന്നു. “ഞാൻ ഇപ്പോൾ രാജിവെച്ചാൽ അത് അസത്യത്തെ സ്ഥാപിക്കലായിരിക്കും. അത് സത്യത്തോട് കാട്ടുന്ന ഏറ്റവും വലിയ അനീതിയായിരിക്കും. സത്യം കണ്ടെത്താനാണ് ഞാൻ നിൽക്കുന്നത്. സത്യത്തെ മൂടിവയ്ക്കാനുള്ള ഗൂഢാലോചന എനിക്ക് ചുറ്റും നടക്കുന്നു. അസത്യം പലവട്ടം ആവർത്തിച്ചാൽ അത് സത്യമാണോ എന്ന സംശയം ജനങ്ങളിൽ ഉണ്ടാക്കാൻ കഴിയുമെന്ന തന്ത്രമാണ് പ്രതിപക്ഷം പയറ്റുന്നത്”.

ചാണ്ടിയുടെ സത്യാന്വേഷണ പരീക്ഷണങ്ങളെ വെറും ചണ്ടിയാക്കി മാറ്റാനാണ് എന്നിട്ടും ക്രൂര പ്രതിപക്ഷത്തിന്റെ ശ്രമം. സുതാര്യ കേരളം എന്ന പരിപാടിയിലൂ

*➪ പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുത്ത് വിതരണം ചെയ്താൽ പ്രശ്നങ്ങൾക്ക് പരിഹാരമാകും ➪*


യു.എൻ അണ്ടർ സെക്രട്ടറി വൂ ഹോങ്ങ് ബോയിൽ നിന്നും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അവാർഡ് സ്വീകരിക്കുന്നു

ടെ ജനകീയ പ്രശ്നങ്ങൾ പരിഹരിച്ചതിനുള്ള യു.എൻ അവാർഡ് വാങ്ങി നാട്ടിൽ കാലുകുത്തിയ അന്നുതന്നെ മുഖ്യമന്ത്രിയുടെ ഓഫീസിലെ കോൾ സെന്റർ ജീവനക്കാരനായ കെ.പി. ഗിരീഷ്കുമാറിനെ കന്റോൺമെന്റ് പോലീസ് അറസ്റ്റ് ചെയ്തു. സുതാര്യ കേരളത്തിലേക്ക് പരാതി അയയ്ക്കാനായി ഫോൺ ചെയ്ത അധ്യാപികയോട് താനുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടാൽ മാത്രമെ കാര്യങ്ങൾ സുഗമവും സുതാര്യവുമാകൂ എന്ന് പറഞ്ഞ് അവരെ നിർബന്ധിച്ചതിനാണ് അറസ്റ്റ്. സരിതാനായരും ബിജുരാധാകൃഷ്ണനും ചേർന്ന് നാട് മുഴുവൻ നടന്ന് കോടികൾ തട്ടിയെടുക്കുന്നതിന് മുഖ്യമന്ത്രിയുടെ ഓഫീസിലിരുന്ന് ഒത്താശചെയ്ത സന്തതസഹചാരി ടെനി ജോപ്പനും അറസ്റ്റിലായി. സോളാർ പദ്ധതിയുടെ പരസ്യം കണ്ട് സരിതയേയും ബിജുവിനേയും ബന്ധപ്പെടുന്ന കക്ഷികളെ കൂടുതൽ വിശ്വാസ്യതയുണ്ടാക്കുന്നതിനായി അവർ മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തിക്കും. സരിതയുടേയും ബിജുവിന്റെയും അടുത്തേക്ക് കസ്റ്റമേഴ്സിനെ എത്തിക്കുന്ന പണി മനോരമ പ്രസിദ്ധീകരണമായ 'വീട്' ചെയ്യും. സോളാർ പദ്ധതിയുടെ പരസ്യം മാത്രമല്ല, അതിനെപ്പറ്റിയുള്ള ഫീച്ചറും അതിലുണ്ടാകും. ഇത് സർക്കാർ പിന്തുണയുള്ള പദ്ധതിയാണെന്ന് കക്ഷികളെ ധരിപ്പിക്കുകയാണ് മുഖ്യമന്ത്രിയുടെ ഓഫീസിലിരുന്ന് ജോപ്പൻ ചെയ്യേണ്ടത്. ഇതേ ആരോപണത്തെ തുടർന്ന് പേഴ്സണൽ സ്റ്റാഫിലെ ജിക്കുമോനും ഗൺമാൻ സലീംരാജും രാജിവച്ചു. ഇതിനിടെ പി.ആർ.ഡി ഡയറക്ടർ ഒളിവിൽപ്പോവുകയും അവസാനം മടങ്ങിയെത്തുകയും ജയിലിലാവുകയും ചെയ്തു. മുഖ്യമന്ത്രിയുടെ ഗൺമാനും പി.എയും ഫോൺ എടുക്കുന്നവനും മുടിചീകിക്കൊടുക്കുന്നവനും ഉൾപ്പെടെയുള്ളവർ കൂട്ടത്തോടെ ജയിലിലാകുന്നത് എന്തുകൊണ്ടെന്നാണ് പ്രതിപക്ഷവും മാധ്യമങ്ങളും ചോദിക്കുന്നത്. ഇത് വ്യത്യസ്തനായ മുഖ്യമന്ത്രിയാണെന്ന് അറിയാതെയാണ് ഇത്തരം ജല്പനങ്ങൾ ഉയരുന്നത്. ഒരു മാഫിയാ സംഘത്തെ നിലനിർത്തുകയാണ് മുഖ്യമന്ത്രിയെന്നും മുഖ്യമന്ത്രി തന്നെയാണ് അതിന്റെ തലവനെന്നുമാണ് ആരോപണം.

അതൊന്നുമല്ല കാര്യം. മുഖ്യമന്ത്രി ഒപ്പം കൊണ്ടുനടക്കുന്ന തിരുട്ടുസംഘങ്ങൾക്കറിയാം പിടിക്കപ്പെട്ടാൽ മുഖ്യമന്ത്രി പറയാൻ പോകുന്നത് 'നിയമം നിയമത്തിന്റെ വഴിക്ക് പോകും' എന്നുമാത്രമാണെന്ന്. നിയമത്തിന്റെ പിറകേ നീതി അതിന്റെ പാട്ടിന് പോകും. നിയമവും നീതിയും തമ്മിൽ കൂട്ടിമുട്ടിക്കുന്ന പ്രശ്നമില്ല. കൂടെ നിൽക്കുന്നവർക്ക് പ്രവർത്തന സ്വാതന്ത്ര്യമില്ലെങ്കിൽ ഒരു കാര്യവും നടക്കില്ല. ഇതൊക്കെ വലിയെ ഗൗരവത്തിലെടുക്കുന്നതാണ് കുഴപ്പം. മുഖ്യമന്ത്രിയുടെ കസേരയിൽ ഒരു ഭ്രാന്തൻ കയറിവന്ന് ഇരുന്നത് എല്ലാവരും കണ്ടതല്ലേ? അയാൾക്ക് ഇവിടത്തെ കാര്യങ്ങളൊക്കെ മനസ്സിലായി. ഒരു ഭ്രാന്തനുള്ള യാഥാർത്ഥ്യബോധം പോലും പ്രതിപക്ഷത്തിനോ മാധ്യമങ്ങൾക്കോ ഇല്ലാതെപോയതിന് മുഖ്യമന്ത്രി എന്തുപിഴച്ചു? മുഖ്യമന്ത്രിക്ക് നേരെ കരിങ്കൊടി കാണിച്ചിട്ടും വഴിതടഞ്ഞിട്ടും രാപ്പകൽ സമരം നടത്തിയിട്ടും ഒരു കാര്യവുമില്ല. "പാർട്ടി ഏൽപ്പിച്ച ഉത്തരവാദിത്തം നിറവേറ്റേണ്ട ബാധ്യത എനിക്കുണ്ട്. എത്ര അവഹേളനവും അപമാനവും സഹിച്ചാലും ആ ബാധ്യത നിറവേറ്റും."

കലാകാരൻ എങ്ങനെയാണ് പ്രവാചകനാകുന്നത് എന്ന് അറിയണമെങ്കിൽ കാവാലത്തിന്റെ 'അപ്രയ്ക്കൻ' വായിച്ചാൽ മതി. രണ്ട് കൈകളും നഷ്ടപ്പെട്ടയാളാണ് അപ്രയ്ക്കൻ. സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്നതിനാണ് അദ്ദേഹത്തിന്റെ ഇരുകൈകളും ഛേദിച്ചുമാറ്റിയത്. ഭാര്യയ്ക്കുവേണ്ടി സ്വർണ്ണാഭരണങ്ങൾ മോഷ്ടിച്ചുകൊണ്ടുവന്നപ്പോൾ പിടിക്കപ്പെട്ടു. ഏത് കൈകൊണ്ടാണ് മോഷ്ടിച്ചതെന്ന് ചോദിച്ചപ്പോൾ വലതുകൈകൊണ്ടാണെന്ന സത്യം മാത്രം പറഞ്ഞു. സത്യം പറഞ്ഞതിന് വലതുകൈ പോയി. കൊലപാതകം ചെയ്തതിന് പിടിക്കപ്പെട്ടപ്പോൾ അത് ഇടത് കൈകൊണ്ടാണെന്ന സത്യം പറഞ്ഞു. അങ്ങനെ ഇടതുകൈയും പോയി. അങ്ങനെ നാടിന്റെ ധർമ്മക്കാവലാളായി. ബുദ്ധനോ? അതാരാ? ആരായാലും അപ്രയ്ക്കനോളം വരില്ല. ഇത് ത്യാഗത്തിന്റെ

ധർമ്മമൂർത്തിയാണ്. കലികാലതെയ്യം. ധർമ്മം പുലർത്തിയ സത്യോപാസകൻ. ദിവ്യമൂർത്തി. സത്യത്തിനായി ഇരുകൈകളും പണയപ്പെടുത്തിയ അപ്രയ്ക്കൻ.

ഈ നാടകത്തിന്റെ അവതരണവും പ്രത്യേകതയുള്ളതാണ്. വേദിയിൽ 'സത്യത്തെ അദ്ദേഹം ഈശ്വരനായി ഉപാസിച്ചു' എന്ന പരിചയപ്പെടുത്തലോടെ ഗാന്ധിയുടെ ചിത്രം വച്ചിട്ടുണ്ട്. അതിന് മുന്നിൽ സൂത്രധാരനും നടിയും കൊത്തുവാളനും അപ്രയ്ക്കനും അടക്കമുള്ള കഥാപാത്രങ്ങൾ വട്ടത്തിൽ ഓടുകയാണ്. മുന്നിലോടുന്നവർ, 'സത്യത്തിന് വേണ്ടി ഇരുകൈകളും നഷ്ടപ്പെടുത്തിയ അപ്രയ്ക്കന്റെ കഥ കേട്ടേ തീരൂ' എന്നു പറയുന്നു. പിന്നിലുള്ളവർ 'കേട്ടതുതന്നെ ധാരാളം മതി' എന്നുപറഞ്ഞുകൊണ്ട് ഓടുന്നു. ഇതിനിടയിൽ അപ്രയ്ക്കന്റെ കഥ അവതരിപ്പിക്കപ്പെടുന്നു. മുന്നിലുള്ളവർ 'കേട്ടേ തീരൂ' എന്നും പിന്നിലുള്ളവർ 'അയ്യോ വേണ്ടാ' എന്നും പറഞ്ഞ് വട്ടത്തിൽ ഓടുമ്പോൾ നാടകം അവസാനിക്കുന്നു.

'ചെന്നായ വളർത്തിയ കുട്ടി' എന്ന് പറയുന്നതുപോലെ മനോരമ വളർത്തിയ കുട്ടിയാണ് ഉമ്മൻചാണ്ടി. ബാലജന സഖ്യത്തിലൂടെയാണ് ഉമ്മൻചാണ്ടിയുടെ അരങ്ങേറ്റം. വിത്തുഗുണം പത്തുഗുണം എന്നുപറയുന്നത് വെറുതെയല്ല. ബാലജന സഖ്യത്തിലൂടെ തന്നെ വളർന്നുവന്ന, തന്റെ സംസ്കാരത്തിന് യോജിച്ചയാൾക്ക് തന്നെയാണ് ആഭ്യന്തരവകുപ്പ് കൊടുത്തിരിക്കുന്നത്. ബാലജന സഖ്യത്തിന്റെ പരിപാടികൾക്ക് തൃപ്പൂണിത്തുറ അരവിന്ദാക്ഷ മേനോനെ ക്ഷണിച്ചുകൊണ്ട് വന്നിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ പേരക്കുട്ടിയായ ശാലുമോളുടെ ഗൃഹപ്രവേശനത്തിന് പോയി ഒരു കരിക്ക് കുടിച്ചത് അതുകൊണ്ടാണെന്നുമാണ് തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. മുഖ്യമന്ത്രി നിഷ്കളങ്കനാണെന്നും കൂടെയുള്ളവർ ചില തരികിടകൾ കാണിച്ചതാണ് കുഴപ്പമായതെന്നും വരുത്തിത്തീർക്കാനായി മനോരമ രണ്ട് മാസമായി അച്ചുനിരത്തിക്കൊണ്ടിരിക്കുന്നു. "സോളാർ തട്ടിപ്പ് 10 കോടിയുടേതാണെങ്കിൽ പ്രതിപക്ഷം ഹർത്താൽ നടത്തിയപ്പോൾ സംസ്ഥാനത്തിന് നഷ്ടം വന്നത് ആയിരം കോടിയാണ്" എന്ന് മനോരുമ്മൻ പറയാൻ കാരണം അദ്ദേഹത്തിന് കിട്ടിയ രാഷ്ട്രീയ വിദ്യാഭ്യാസം മനോരമയിൽ നിന്നായതുകൊണ്ടാണ്. സരിതാ നായരുടെ ഫോൺ ലിസ്റ്റ് പുറത്തായതിനെക്കുറിച്ചുള്ള ബഹളങ്ങളും മനോരുമ്മന് മനസ്സിലാകുന്നില്ല. ഫോൺ വിളിക്കുന്നത് ഒരു കുറ്റമായി ഈ സർക്കാർ കാണുന്നില്ലെന്നാണ് അദ്ദേഹം ആവർത്തിച്ചുകൊണ്ടിരിക്കുന്നത്.

യു.എൻ അവാർഡ് വാങ്ങിക്കാൻ വേണ്ടി മനാമയിൽ ചെന്നപ്പോൾ അവിടെ വച്ച് നടത്തിയ പത്രസമ്മേളനത്തിലും മനോരുമ്മൻ നടത്തിയത് അപ്രയ്ക്കന്റേതുപോലെയുള്ള ന്യായങ്ങളായിരുന്നു. "ഞാൻ മാത്രമായിട്ട് രക്ഷപെടാൻ നോക്കില്ല. തെറ്റ് ചെയ്തവർ ശിക്ഷിക്കപ്പെടണം. ഈ കേസിൽ ഫലപ്രദവും നീതിപൂർവ്വവുമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്." ഉമ്മൻചാണ്ടി പറയുന്നതിന്റെ അർത്ഥം കൃത്യമായി എല്ലാവർക്കും മനസ്സിലാകുന്നുണ്ട്: 'ഞാനും കൂടി ഉൾപ്പെട്ട കേസാണ്. എന്റെ ചുറ്റുമുള്ളവർ പ്രതികളാണ്. എന്റെ പോലീസാണ് അന്വേഷിക്കുന്നത്. ഞാൻ തന്നെ എന്നെപ്പറ്റി അന്വേഷിക്കും. ഞാൻ 'ഫലപ്രദമായി അന്വേഷണം വേണം' എന്നുപറഞ്ഞാൽ ആർക്ക് ഫലപ്രദം എന്ന് എന്റെ പോലീസിനറിയാം. ജുഡീഷ്യൽ അന്വേഷണമാകുമ്പോൾ അത് നടക്കില്ല. അതുകൊണ്ട് ജുഡീഷ്യൽ അന്വേഷണം നടപ്പില്ല'.

പതിനായിരം കോടിയിലേറെ തട്ടിക്കാനുള്ള പദ്ധതി മുഖ്യമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ചാണ് നടന്നതെന്നും പണം എവിടേക്ക് പോകുന്നു എന്നറിയണമെങ്കിൽ ഉമ്മൻ ചാണ്ടി എന്നത് ഒന്ന് തിരിച്ചിട്ടാൽ മതിയെന്നുമാണ് പ്രതിപക്ഷത്തെ പലരും പറയുന്നത്. തിരിച്ചിട്ടാൽ ചാണ്ടി ഉമ്മൻ എന്ന് കിട്ടുമെന്നും ചാണ്ടി ഉമ്മനും സരിതാ നായരും ചേർന്ന് നടത്തിയ വിമാനയാത്രകളെപ്പറ്റിയും അയാൾക്ക് അമേരിക്കൻ സോളാർ കമ്പനിയുമായുള്ള ബന്ധങ്ങളും അന്വേഷിക്കേണ്ടതാണെന്നും അവർ ആവശ്യപ്പെടുന്നു. ഇതിന് ഭരണപക്ഷത്തിന് മറുപടിയുണ്ട്. കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് പണത്തട്ടിപ്പിന് പിടിയിലായ സരിതാ നായർ ജയിലിൽ കിടന്ന് പ്രസവിച്ചപ്പോൾ വേണ്ട സഹായം ചെയ്തു കൊടുത്തത് ആരാണെന്ന് അവർ ചോദിക്കുന്നു. മദ്യത്തിൽ വിഷം കൊടുത്ത് ബിജു രാധാകൃഷ്ണൻ ഭാര്യയെ കൊന്ന കേസിന്റെ ഫോറൻസിക് റിപ്പോർട്ട് ഒന്നര വർഷം താമസിപ്പിച്ച് കേസ് അട്ടിമറിച്ചത് നിങ്ങളല്ലേയെന്നും അവർ ചോദിക്കുന്നു. അതറിയാൻ കോടിയേരി ബാലകൃഷ്ണൻ എന്നത് മറിച്ചിട്ടാൽ മതിയെന്നും അപ്പോൾ 'മകൻ കോടിയേരി' എന്ന് കിട്ടുമെന്നും അവർക്ക് അഭിപ്രായമുണ്ട്. രണ്ട് കൂട്ടരും ചേർന്നുള്ള വാഗ്വാദം കൈയ്യാങ്കളിയിലേക്ക് എത്തുമെന്നുള്ള അവസ്ഥ. വാർത്താവതാരകൻ രണ്ട് കൈയും വീശിക്കൊണ്ട് സമയം കഴിഞ്ഞെന്നും ഉടൻ ചർച്ച നിർത്തേണ്ടതുണ്ടെന്നും കരഞ്ഞു പറയുന്നു. 'നമുക്ക് വളരെ അത്യാവശ്യമായി ഒരു ഇടവേളയിലേക്ക് പോകേണ്ടതുണ്ട്' എന്നു പറഞ്ഞു

കൊണ്ട് ചാനലിന് നാല് കാശുണ്ടാക്കാൻ അവസരമൊരുക്കുന്നു അവതാരകൻ. പ്രേക്ഷകന്റെ മുഖത്ത് മാറിമാറി പ്രഹരിക്കുന്ന വിധത്തിൽ വി.കെ.സി ചെരുപ്പുകളുടെ നീണ്ട നിരയുമായി ഇടവേളയിലേക്ക് പരസ്യ സുന്ദരി കടന്നുവരുന്നു.

ഭരണപക്ഷവും പ്രതിപക്ഷവും ഇങ്ങനെ തിരിച്ചിട്ടും മറിച്ചിട്ടും ആഘോഷിക്കുന്നതിനിടയിൽ ഒട്ടും ശ്രദ്ധകിട്ടാതെ പോകുന്ന ചില നിസ്സാരകാര്യങ്ങളുണ്ട്. പോഷകാഹാരക്കുറവ് കൊണ്ട് 48 ആദിവാസി ശിശുക്കൾ അട്ടപ്പാടിയിൽ മരിക്കാനിടവന്ന ഒരു ചെറിയ കാ



അടുക്കളയിൽ കയറി ചോറുകലം വരെ പോലീസ് അടിച്ച് താഴെയിട്ടിരിക്കുന്നു. കാതിക്കുടത്ത് നിന്നും ഒരു ദൃശ്യം

ര്യം. കാസർഗോഡ് വന്ന്, എൻഡോസൾഫാൻ തളിക്കുമ്പോൾ ജനങ്ങൾ മാറിനിൽക്കേണ്ടതായിരുന്നു എന്ന് വാദിക്കുന്ന മുൻ ന്യായാധിപന്റെ വാഗ്ധോരണി. മൃഗങ്ങളുടെ എല്ല് കഷ്ണങ്ങളായി ഒടിച്ച് സംസ്കരിച്ച് വിവിധ ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന കാതിക്കുടത്തെ നിറ്റാ ജലാറ്റിൻ എന്ന കമ്പനി ചാലക്കുടി പുഴയേയും മണ്ണിനേയും വായുവിനേയും വിഷലിപ്തമാക്കുന്നതിനെതിരെ സമരം ചെയ്ത ഗ്രാമവാസികളെ അതിനിഷ്ഠൂരമായി മർദ്ദിച്ചൊതുക്കിയ സംഭവം. മൃഗങ്ങളുടെ എല്ലുകൾ പോരാഞ്ഞിട്ടായിരിക്കണം കാതിക്കുടം ഗ്രാമനിവാസികളുടെ എല്ലുകൾ കൂടി തല്ലിയൊടിക്കാൻ കമ്പനി എച്ചിൽതീനികളായ പോലീസുകാരെ കെട്ടഴിച്ചുവിട്ടിരിക്കുന്നത്. സംസ്ഥാന പോലീസിലെ അംഗങ്ങളായിരിക്കില്ല കാതിക്കുടത്ത് അതിക്രമം കാണിച്ചത്. കമ്പനി കാക്കിയണിയിച്ചുവിട്ട തെമ്മാടിക്കൂട്ടമായിരിക്കണം വീടുകളിൽ കയറി ചോറുകലം വരെ എടുത്തെറിയുകയും, വീടുകൾ അടിച്ചുതകർക്കുകയും, അലമാരകളിൽ നിന്ന് മൊബൈലും കാമറയും സ്വർണ്ണവുമൊക്കെ പോക്കറ്റിലാക്കുകയും ചെയ്തത്. യഥാർത്ഥത്തിൽ ഇതിനെപ്പറ്റിയാണ് അന്വേഷണം നടത്തേണ്ടത്.

ലാത്തിച്ചാർജ്ജിൽ പരിക്കുപറ്റി ആശുപത്രിയിൽ കിടക്കുന്നവരെ സന്ദർശിക്കാൻ വന്ന സ്ഥലത്തെ ഇടതുപക്ഷ എം.എൽ.എയോട് 'താൻ ഏത് കോണാത്തിലെ എമ്മെല്ലെയാണെടോ?' എന്ന് സ്ത്രീകൾ ഒന്നടങ്കം ചോദിച്ചു എന്നാണ് അറിയാൻ കഴിഞ്ഞത്. സമരം ഉദ്ഘാടനം ചെയ്യാൻ വന്ന്, സമരത്തെ നക്കിക്കൊല്ലുന്ന ഹരിത എം.എൽ.എ ആണോ, സമരത്തെ തിരിഞ്ഞുനോക്കാതെ മുക്കിക്കൊല്ലാൻ ശ്രമിക്കുന്ന ഇടതുപക്ഷ എം.എൽ.എ ആണോ കൂടുതൽ അപകടം എന്നറിയാതെ അങ്കലാപ്പിലായിരിക്കുകയാണ് പുഴയോര നിവാസികൾ. പച്ചച്ചിരിയല്ലാതെ ഒരു ഹരിതവും അടുത്തുകൂടി പോകാത്ത, മറ്റൊരാൾ ഹരിത എം.എൽ.എ എന്ന ആട്ടിൻതോലണിഞ്ഞ് വിഷകമ്പനിക്ക് വേണ്ടി വിടുപണിചെയ്യുന്നു. വെറും 30 തൊഴിലാളികളുടെ യൂണിയൻ നേതാവയ ഇയാൾ, പുഴയിലേക്ക് എല്ലാ വിഷമാലിന്യങ്ങളും ഒഴുക്കിവിട്ടിട്ടായാലും കമ്പനി പ്രവർത്തിക്കുക തന്നെ വേണമെന്ന് കമ്പനിയേക്കാൾ വീറോടെ വാദിക്കുകയും ഒപ്പം ഹരിത എം.എൽ.എ എന്ന് പറഞ്ഞ് ഞെളിഞ്ഞ് നടക്കുകയും ചെയ്യുന്നതെന്തെന്ന് പലരും അത്ഭുതപ്പെടുന്നുണ്ട്. നാടൻ മൊഴികളെപ്പറ്റി അറിയാത്തതുകൊണ്ടാണ് അവർക്ക് അത്ഭുതം തോന്നുന്നത്. നാട്ടിൻ പുറത്ത് കോഴിദിനേശൻ എന്ന് ഒരാൾക്ക് വട്ടപ്പേരുണ്ടെങ്കിൽ, അതിനർത്ഥം അയാൾ കോഴി കർഷകനാണെന്നോ, കോഴിക്കച്ചവടക്കാരനാണെന്നോ അല്ല. ഒരു സംശയവുമില്ല, നാട്ടിൻപുറത്ത് അതിനർത്ഥം കോഴിക്കള്ളൻ എന്നുമാത്രമാണ്. കറുത്തതാടിയും വെളുത്തതാടിയും കാതിക്കുടത്തിന്റെ തലയ്ക്ക് മുകളിൽ വേഷം കെട്ടി കളിക്കുകയാണ്. കാസർഗോട്ടോ അട്ടപ്പാടിയിലോ കാതിക്കുടത്തോ ഭരണപക്ഷവും പ്രതിപക്ഷവും തമ്മിൽ തമ്മിൽ ഒരു തർക്കവുമില്ല. നാടിന്റെ നിലനിൽപ്പ് കിടക്കുന്നത് സരിതാ-ശാലൂ തർക്കത്തിലാണെന്ന് അവർക്ക് പൂർണ്ണ ബോധ്യമുണ്ട്.

ഓസോൺപാളിയുടെ വിടവിനെക്കുറിച്ചും ആഗോളതാപനത്തെപ്പറ്റിയും ധ്രുവങ്ങളിൽ മഞ്ഞുരുകുന്നതിനെപ്പറ്റിയും കൊക്കക്കോള കമ്പനി നടത്തുന്ന ജലചൂഷണത്തെപ്പറ്റിയും നെടുനെടുങ്കൻ പ്രബന്ധങ്ങളും പുസ്തകങ്ങളും എഴുതിത്തള്ളിയ പത്രഭീമൻ കാതിക്കുടത്തെ കമ്പനിക്കെതിരെ തുടരൻ ലേഖനവുമായി സ്വന്തം പത്രത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. സ്വന്തം കണ്ണിന് മുന്നിൽ നടക്കുന്ന അതിക്രമത്തെക്കുറിച്ച് ഇതുവരെ മിണ്ടാതിരുന്നയാൾ ഇപ്പോൾ ചാടിപ്പുറപ്പെടുന്നതിൽ എന്തെങ്കിലും കണ്ണുണ്ടായിരിക്കണം. കൊക്കക്കോള കമ്പനിയുടെ ജലചൂഷണത്തിനെതിരെയുള്ള സമരത്തിന്റെ മുന്നണിയിൽ നിൽക്കുമ്പോഴും കൊക്കക്കോളയ്ക്ക് മാമ്പഴച്ചാർ ഉണ്ടാക്കുന്ന കമ്പനി തുടങ്ങാൻ ഒത്താശചെയ്തു കൊടുക്കുന്ന വീരപദ്ധതിയാണ് അദ്ദേഹം നടത്തിയിരുന്നതെന്നാണ് പാർട്ടിയിൽ നിന്നും ഈയിടെ പുറത്തായ പ്രമുഖൻ തുറന്നടിച്ചത്. (ഇതേ സമരത്തിൽ നിൽക്കുമ്പോൾ ഈ പ്രമുഖൻ സ്വന്തം കിണറ്റിൽ നിന്നും കൊക്കക്കോള കമ്പനിക്ക് ടാങ്കിന് വില പറഞ്ഞ് വെള്ളം വിൽക്കുകയായിരുന്നുവെന്നാണ് അതിനുള്ള മറുപടി വന്നത്. എന്തൊരു സമരവീര്യം!). കാതിക്കുടം ജനത ഈ വീരകൃത്യവും അനുഭവിക്കണമെന്നായിരിക്കും!

മനോരുമ്മന്റെ ചെയ്തികൾ ഐക്യരാഷ്ട്ര സംഘടന അറിയുന്നുണ്ടായിരുന്നു എന്നു വേണം അനുമാനിക്കാൻ. ഇവിടെ 'സൺ' കത്തിയെരിയുന്നത് യു.എന്നിലിരുന്ന് 'മൂൺ' അറിയുന്നുണ്ടായിരന്നു. പൊതുജന സേവന രംഗത്തെ അഴിമതി തടയുകയും അതിനെതിരെ പൊരുതുകയും ചെയ്തതിനാണ് അവാർഡ് (preventing and combatting corruption in the public service). അത് ഇങ്ങനെയൊരാൾക്ക് കൊടുത്താലത്തെ യു.എന്നിന്റെ സ്ഥിതി എന്തായിരിക്കും? യു.എൻ കച്ചവടം അവസാനിപ്പിച്ച് കുടുംബത്തിരിക്കേണ്ടി വരും. യു.എൻ സർവ്വേയും യു.എൻ റിപ്പോർട്ടും ലോകത്താകമാനമുള്ളവർ ആധികാരിക രേഖകളായാണ് കാണുന്നത്. ഈ അവാർഡ് ദാനത്തോടുകൂടി ആ വിശ്വാസ്യത പോയിക്കിട്ടുമെന്ന് യു.എൻ സെക്രട്ടറി ജനറൽ ബാൻ കി മൂണിന് തോന്നി. മൂണിൽ അല്ലെങ്കിൽ തന്നെ ഒരു കളങ്കമുണ്ടെന്നാണ് പറയുന്നത്. ഇനി ഇതുംകൂടി വയ്യ. സൂര്യൻ ചന്ദ്രനെ വിഴുങ്ങുന്ന ഗ്രഹണം ഒഴിവാക്കാൻ വേണ്ടിയാണ് അവാർഡ് നൽകാൻ പോകേണ്ടെന്ന് മൂൺ തീരുമാനിച്ചത്. അപ്പോഴാണ് കേരള സർക്കാറിന്റെ പത്രപരസ്യവുമായി പ്യൂൺ കടന്നുവന്നത്. അതിൽ കൃത്യമായി എഴുതിയിരിക്കുന്നു ബാൻ കി മൂൺ ആണ് അവാർഡ് കൊടുക്കുന്നതെന്ന്. താൻ മനസ്സിലറിയാത്ത കാര്യം പരസ്യം ചെയ്ത് മുതലെടുപ്പ് നടത്തുന്നത് കണ്ടപ്പോൾ മൂണിന് ചിരിപൊട്ടി. അതിലെ അൽപ്പത്തമോർത്ത് അദ്ദേഹം ആർത്തു ചിരിച്ചു.

"വൂ...വോ...ഹോ...ഹൂ...
വൂ...വോ...ഹോ...ബോ..."

ആ ചിരിയിൽ നിന്നും യു.എന്നിലെ ഉദ്യോഗസ്ഥർ വിശകലനം ചെയ്തെടുത്തു ആരാണ് അവാർഡ് നൽകാൻ പോകേണ്ടതെന്ന്. യു.എന്നിന്റെ അണ്ടറിലുള്ള ഏതോ ഒരു സെക്രട്ടറിയായ വൂ ഹോങ് ബോയെയാണ് മൂൺ ഉദ്ദേശിക്കുന്നതെന്ന് കരുതി അവർ അയാളെ ഏർപ്പാടാക്കി. അങ്ങിനെയാണ് വൂ ഹോങ് ബോ അവാർഡ് ദാനത്തിന് മനാമയിൽ എത്തിയത്.

യു.എൻ അവാർഡ് വാങ്ങി തിരുവനന്തപുരത്ത് എത്തിയ മനോരുമ്മനെ ബാൻ കി മൂൺ ടി.വിയിൽ കണ്ടു. വഴിനീളെ കരിങ്കൊടി പ്രകടനം. വഴിയിൽ തടയാൻ നിന്ന പ്രതിഷേധക്കാരെ കാറിന്റെ ഡോർ തുറന്ന് ഇടിച്ചുവീഴ്ത്തി തടസ്സം നീക്കിക്കൊടുക്കുന്ന അകടമ്പടിക്കാർ. ഏത് വഴിയിലേക്ക് തിരിഞ്ഞാലും അവിടെയൊക്കെ പ്രതിഷേധങ്ങൾ. അഴിമതിക്കെതിരെ പ്രതിഷേധിച്ച്, തന്റെ വഴിതടയുന്നവരെ പേടിച്ച് വഴിമാറിയാണ് വിമാനത്താവളത്തിൽ നിന്നും സെക്രട്ടേറിയറ്റിലേക്ക് എത്തിപ്പെട്ടത്. അഴിമതിക്കെതിരെ പൊരുതിയതിന് കിട്ടിയ സമ്മാനം മാറത്തടക്കി ജേതാവ് ഒരു പെരുച്ചാഴിയെപ്പോലെ ഓഫീസിലേക്ക് കയറുകയായിരുന്നു. സത്യത്തിനു വേണ്ടി ഒരു പെരുച്ചാഴിയാവാനും ഈ അപ്രയ്ക്കൻ തയ്യാർ എന്നൊരു മുഖഭാവം അപ്പോഴും മുഖത്ത് കാണാമായിരുന്നു.

താനായിരുന്നു അവാർഡ് കൊടുത്തിരുന്നതെങ്കിൽ യു.എന്നിന്റെ സ്ഥിതി എന്താകുമായിരുന്നു എന്നാലോചിച്ച് ബാൻ കി മൂൺ നെടുവീർപ്പിട്ടു. മൂണിന്റെ പ്യൂൺ മനസ്സിൽ പറഞ്ഞു. യു.എൻ ആരാ മോൻ!'

### വാൽക്കഷ്ണം

പെരുന്നയിൽ നിന്ന് മൂപ്പിൽ നായരുടെ ആക്രോശങ്ങളൊന്നും തീരെ കേൾക്കാനില്ല. താക്കോൽ സ്ഥാനം വേണമെന്ന് പറഞ്ഞ് പറഞ്ഞ്, താക്കോൽ സ്ഥാനം മാത്രമല്ല താഴും താക്കോൽക്കൂട്ടവും സമുദായാംഗങ്ങളുടെ അരഞ്ഞാണച്ചരടിലാണെന്ന് വെളിപ്പെട്ടതിന്റെ ഹർഷോന്മാദത്തിലാണ് മൂപ്പിലാൻ. മാത്രവുമല്ല, വീരാംഗനമാരിൽ ഒന്ന് ചങ്ങനാശ്ശേരിയിൽ നിന്നുതന്നെ പോലീസ് അകമ്പടിയോടെ പൂജപ്പുരയിലേക്ക് ഗമിച്ചതിന്റെ അഭിമാനം വേറെയുമുണ്ട്. ■